(ബി) ഏറ്റെടുത്ത പദ്ധതികൾ ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചു എന്ന് വിശദമാക്കുമോ ;

(സി) ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പണി പൂർത്തീകരിക്കേണ്ടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലങ്കോട് മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന 37 കി.മീ. നീളമുള്ള പാലക്കാട്-മീനാക്ഷിപുരം റോഡ് കെ.എസ്.ടി.പി.യിൽപ്പെടുത്തി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി. നെല്ലിയാമ്പതി, നെന്മാറ എന്നിവിടങ്ങളിലെ റസ്റ്റ്ഹൗസ് നിർമ്മാണവും നെന്മാറ ജി.ജി.വി.എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണവും ഏറ്റെടുത്ത പദ്ധതികളാണ്. നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽ പാലക്കാട് മീനാക്ഷിപുരം റോഡിനായി ഇതുവരെ 34.75 കോടി രൂപയും, നിരത്തുകളും പാലങ്ങളും വിഭാഗം 564.23 ലക്ഷം രൂപയും ചെലവഴിച്ചു. കെട്ടിടവിഭാഗത്തിലെ പദ്ധതികൾക്കായി തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ നെല്ലിയാമ്പതി റസ്റ്റ്ഹൗസ് നിർമ്മാണം ആരംഭിച്ചിട്ടില്ല. നെന്മാറ റസ്റ്റ്ഹൗസ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടി സ്വീകരിച്ചുവരുന്നു. നെന്മാറ ജി.ജി.വി.എച്ച്.എസ്.എസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

പഞ്ചായത്ത് റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വീതികൂട്ടുന്നതിന് നടപടി

232 (1960) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി-അത്താണി ആർ.ഒ.ബി.യോടു ചേർന്നുള്ള 300 മീറ്റർ പഞ്ചായത്ത് റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വീതികൂട്ടണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പരിഗണനയിലാണ്.

പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയുടെ നിർമ്മാണ പ്രവർത്തനം

233 (1961) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.യിൽ ഉൾപ്പെട്ട പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു ; പൂർണ്ണവിവരം വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എത്രകാലയളവിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരുമ്പിലാവ്-നിലമ്പൂർ ഉൾപ്പെടുന്ന പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ പുനർനിർമ്മാണം കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിന് ധനസഹായത്തിനായി കേന്ദ്ര സർക്കാർ ശുപാർശയോടെ ലോകബാങ്കിനെ സമീപിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായം കിട്ടുന്ന മുറയ്ക്ക് ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. എന്നാൽ പെരിന്തൽമണ്ണ-നിലമ്പൂർ റോഡ് കെ.എസ്.ടി.പി.യിൽ ഉൾപ്പെടുത്തി ഇതിനകം അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്.

(ബി) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ടെണ്ടർ നടപടികൾ ആരംഭിച്ചതിനുശേഷമേ എന്നത്തേക്ക് പണി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

234 (1962) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ബി) ഇവയിൽ സാങ്കേതികാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ് ;

(സി) ഇതിൽ എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചിരിക്കുന്നത് ;

(ഡി) ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണ് ;

(ഇ) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) കെട്ടിടവിഭാഗം നിരത്തുകളും പാലങ്ങളും വിഭാഗം എന്നിവിടങ്ങളിലെ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly